# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3217    29/01/2014 ൽ മറുപടിക്ക്

## ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ. കെ. വിജയൻ : | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) | പ്രാദേശിക തലത്തിലുള്ള ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്ത് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ: | (എ) | ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് 9-ാം പഞ്ചവൽസര പദ്ധതി മുതൽ സംസ്ഥാനത്തെ ബ്ലോക്കു പഞ്ചായത്തുകൾ, പ്രാദേശിക സാമ്പത്തിക വികസനം അടിസ്ഥാനമാക്കിയുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിലുള്ള പന്ത്രണ്ടാം പദ്ധതിയിലും ഒട്ടേറെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ചെറുകിട ഗ്രാമ കുടിൽ പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുകയും അതുവഴി സ്വയംതൊഴിൽ സംരംഭങ്ങളുടെ വികാസവും ബ്ലോക്കു പഞ്ചായത്തുകൾ ലക്ഷ്യമിടുന്നുണ്ട്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനന്ത സാദ്ധ്യതകളും ഗ്രാമ ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലക്ഷ്യത്തി ലേയ്ക്ക് എത്തുന്ന തിനായി പ്രാദേശിക ഉത്പാദനവും വരു മാനവും തൊഴിലവ സരങ്ങളും സൃഷ്ടി ക്കുന്നതിനായി ഈ സർക്കാർ എന്തെ ല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. | (ബി) | മുൻ പിൻ ബന്ധങ്ങൾ ഉറപ്പു വരുത്തി വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ പരസ്പരം സംയോജിപ്പിക്കുകയും ഒറ്റയ്ക്കായും നടത്തു ന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന തിനുവേണ്ടി ഗ്രൂപ്പുകൾ രൂപീകരിച്ച് പരിശീ ലനം നൽകുന്നു. പാവപ്പെട്ടവരുടെ അടി സ്ഥാന വിവരങ്ങൾ ശേഖരിച്ച് പ്രാദേശിക ഉത്പാദനവും, വരുമാനവും തൊഴിലവസര ങ്ങളും സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ബ്ലോക്ക് ജില്ലാ ഗ്രാമ പഞ്ചായത്തുകൾ ശ്രമിക്കുന്നുണ്ട്. |
| (സി) | ഉത്പാദനമേഖലയുടെ പുരോഗതിയ്ക്കായി ആസൂത്രണത്തിൽ മുൻഗണന നൽകിയി ട്ടുള്ളത് ഏതെല്ലാം പദ്ധതികൾക്കാണ്. വിശദമാക്കുമോ? | (സി) | സംയോജിത നീർത്തട വികസനത്തിലൂന്നി യുള്ള ഒരു സമീപനത്തിലൂടെ ഭക്ഷ്യ വിളക ളുടെ വിസ്തൃതി വർദ്ധിപ്പിച്ചും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിച്ചും ഉൽപ്പാദന വർദ്ധനവ് സാധ്യമാകുന്നതിനുള്ള പദ്ധതികൾക്കാണ് ബ്ലോക്കു പഞ്ചായത്തുകൾ മുൻതൂക്കം നൽ കുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത കളും ഇതിനായി പ്രയോജനപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ